ശ്രീ. പി. നാണു: ആ റോഡ് ഏതു പ്രദേശത്തുകൂടെയാണ് പോകുന്നതെന്നു് പറയാൻ കഴിയുമോ?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: കൊച്ചിയും എറണാകുളവും കൊല്ലവുമായി ബന്ധിക്കത്തക്കവണ്ണം ആയിരിക്കും അവ പോകുന്നതു്.

എക്സൈസ് ഡിപ്പാർട്ട്മെൻറ്

*നവ. (വ) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) എക്സൈസ് ഡിപ്പാർട്ട്മെണ്ടുമായി ഇടപെടുന്ന കൺട്രാക്ടർമാരോടു് അവരുടെ അവകാശങ്ങളും മുതലുകളും രേഖപ്പെടുത്തി ഉടമ്പടി വാങ്ങാറുണ്ടോ;

(ബി) കൺട്രാക്ടർ കരാർ ലംഘിക്കുമ്പോൾ ഉടമ്പടിവ്യവസ്ഥയനുസരിച്ചു് നടപടി നടത്തി തുക വസൂൽചെയ്യുന്ന പതിവുണ്ടോ;

(സി) പുകയിലവില്പന അവകാശം ലേലത്തിൽ പിടിച്ച കൺട്രാക്ടർമാരെക്കൊണ്ടു് ഉടമ്പടി എഴുതി വയ്പിച്ചിട്ടുണ്ടോ;

(ഡി) ഈ കൺട്രാക്ടർമാരിൽനിന്നും ഗവൺമെണ്ടിനു കുടിശ്ശികയിനത്തിൽ ഈടാക്കേണ്ടിയിരിക്കുന്ന തുക എന്താണു്?

എക്സൈസും വ്യവസായവും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഉണ്ടു്

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

(ഡി) ഫ, ം ർ, ുന്ന ുക തുപ.

ശ്രീ. പി. നാണു: പുകയില ലേലം പിടിച്ചവരിൽനിന്നും ഉടമ്പടി എഴുതിവയ്പിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതു എന്നാണെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: അവരെക്കൊണ്ടു് ഉടമ്പടി എഴുതിവയ്പിച്ചിട്ടില്ലായെന്നാണു് ഞാൻ അറിയുന്നതു്. അതു ശരിയാണെന്നു ഞാൻ വിശ്വസിക്കട്ടെയോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു അടിസ്ഥാനരഹിതമായ ഒരു വിശ്വാസമാണു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: ലൈസൻസിനെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിലും കൊച്ചിയിലും വല്ല വ്യത്യാസവും ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: യാതൊരു വ്യത്യാസവും ഇല്ല.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: കൊച്ചിയിലെ പുകയില കച്ചവടക്കാർ അവരുടെ ലൈസൻസു നമ്പരുകളും മറ്റും കാണിച്ചു് കടയുടെ മുൻവശത്തു് ഒരു ബോർഡ് തൂക്കി ഇട്ടിട്ടുണ്ടു്. എന്നാൽ തിരുവിതാംകൂറിൽ അതു കാണുന്നില്ല. അതിന്റെ കാരണം എന്താണെന്നു് അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

എക്സൈസ് ഡിപ്പാർട്ട്മെണ്ടു്

*നട. (ട) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) എക്സൈസ് ചുമക്കുകൂലി നിർത്തിയതോടുകൂടി എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽനിന്നും എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവക്കെല്ലാം വീണ്ടും ഉദ്യോഗം കൊടുക്കാൻ ഗവണ്മെണ്ടിനു കഴിഞ്ഞിട്ടുണ്ടോ;

(സി) കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണു്?

എക്സൈസും വ്യവസായവും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ).

(എ) നമ്പവ ആക്ടിംഗ് നാലാംഗ്രേഡ് താർഡറന്മാരെ പിരിച്ചുവിട്ടിട്ടുണ്ടു്.

(ബി) ഏകദേശം പേരെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ടു്. ബാക്കിയുള്ളവക്കു് പബ്ലിക്ക് സർവ്വീസ് കമ്മീഷണർ മുഖാന്തിരം ജോലി കൊടുക്കുന്നതാണു്.

(സി) ബി. യുടെ ഉത്തരം നോക്കുക.

ശ്രീ. പി. നാണു: ഏകദേശം ആയിരത്തോളം പേരെ ശമ്പളം ഉണ്ടായിരുന്നവക്കു് ഇൻഫീരിയർ സർവ്വീസ്, അതായതു് ഉദ്യോഗം കിട്ടാത്തവക്കു് ഇൻഫീരിയൽ സർവ്വീസിൽ ഉദ്യോഗം കൊടുക്കാനാണോ നിശ്ചയിച്ചിരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അവരെ സംബന്ധിച്ചിടത്തോളം രജിസ്റ്റർ ചെയ്യുന്നതിനു് ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതിനുംപുറമെ അവക്കുണ്ടായിരുന്ന സർവ്വീസും പരിഗണിക്കുന്നതാണു്.

ശ്രീ. പി. നാണു: അങ്ങനെ ചെയ്യുന്നതു് പബ്ലിക്ക് സർവീസ് റൂം ൪൦-ാംവകുപ്പനുസരിച്ചു് അനുവദിക്കത്തക്കതല്ലെന്നറിയാമൊ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിയാം.

ശ്രീ. വി. ഗംഗാധരൻ: പിരിച്ചുവിട്ടവരിൽ അധികം ആളുകൾക്കും പത്തു പന്ത്രണ്ടു വർഷത്തിൽ കൂടുതൽ സർവ്വീസുണ്ടായിരുന്നുവെന്നു കേൾക്കുന്നതു് ശരിയാണൊ?

ശ്രീ. എൻ. കുഞ്ഞുരാമൻ: മുന്നാലു കൊല്ലം സർവ്വീസ് ഉണ്ടെന്നല്ലാതെ അതിൽ കൂടുതൽ സർവ്വീസുണ്ടെന്നു തോന്നുന്നില്ല.

കൂട്ടനാട്ടു കർഷകസംഘത്തിലെ നിവേദനം

*൯൪. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൂട്ടനാട്ടു കർഷകസംഘത്തിൽനിന്നും ഫെബ്രുവരി-ലെ വിളവെടുപ്പിനുശേഷം ഒരു നിവേദനം ഗവണ്മെണ്ടിലേക്കു് സമർപ്പിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു?

(സി) പ്രസ്തുത ആവശ്യങ്ങളിൽ ഗവണ്മെണ്ടു് എന്തെല്ലാം നടപടിയിൽ വരുത്തി?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസു്): (എ) ഉണ്ടു്.

(ബി) നിവേദനത്തിൽ താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടു്.

(൧) ഉൽപ്പാദനച്ചിലവിനായിട്ടു് കർഷകനു് ന്യായമായ പ്രതിഫലം കിട്ടത്തക്കവിധത്തിൽ ഇപ്പോഴത്തെ വിലയ്ക്കും പുറമെ ഏകദേശം ൨൫ ½ അണ സബ്സിഡിയായി നൽകണം.

(൨) കൂട്ടനാട്ടിലെ കൃഷിയുടെ പ്രത്യേകതയെ പരിഗണിച്ചു് പമ്പിംഗ് ചെലവു മുഴുവനും ഗവണ്മെണ്ടിൽനിന്നും വഹിക്കണം.

(൩) കൂട്ടനാട്ടിലെ എല്ലാ കൃഷിക്കാർക്കും വിത്തുകുലിക്കും കൃഷിച്ചെലവിനുമായി ഏക്കറൊന്നിനു് ൩൦ പറ നെല്ലുവീതം അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly